**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 317** **28-06-2024 - ൽ മറുപടിയ്ക്ക്**

**ബഹുനില കെട്ടിടങ്ങളിൽ മതിയായ അഗ്നിസുരക്ഷാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിരന്തരം അഗ്നിബാധ റിപ്പോർട്ട് ചെയ്യുന്ന കച്ചവട സ്ഥാപനങ്ങളിലെയും ബഹുനില കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ സംവിധാനത്തെപറ്റി പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മതിയായ അഗ്നിസുരക്ഷാ സംവിധാനങ്ങളില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പരിശോധന നടത്തുന്നതിന് ജില്ലാ ഫയർ ഓഫീസർമാർക്കും അഗ്നിരക്ഷാ നിലയങ്ങളുടെ തലവന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനാ വിവരങ്ങൾ സ്റ്റേഷൻ തലത്തിൽ സൂക്ഷിച്ചുവരുന്നു.<br><br>കച്ചവട സ്ഥാപനങ്ങളിലെയും ബഹുനില കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാസംവിധാനങ്ങൾ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആണ്. ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് പരിശോധന നടത്തി നൽകുന്ന ശിപാർശയുടെ കൂടി അടിസ്ഥാനത്തിലാണ് കെട്ടിടങ്ങൾക്ക് നമ്പറും ലൈസൻസും അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത കെട്ടിടങ്ങളിൽ മതിയായ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുമോ; ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ; | (ബി) | കെട്ടിടങ്ങൾക്ക് എൻ.ഒ.സി. ലഭിച്ചതിനുശേഷം അനധികൃത നിർമ്മാണം നടത്തിയും കാറ്റഗറി വ്യവസ്ഥകൾ ലംഘിച്ചും അഗ്നിസുരക്ഷാ സംവിധാനങ്ങൾ പ്രവർത്തനക്ഷമമല്ലാതെ കാണപ്പെട്ടാൽ കെട്ടിട ഉടമകൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും നോട്ടീസ് നൽകുന്നുണ്ട്. വീഴ്ച വരുത്തിയാൽ കെട്ടിട നമ്പർ/ലൈസൻസ് റദ്ദ് ചെയ്യുക തുടങ്ങിയ നടപടികളാണ് സ്വീകരിക്കുന്നത്. |
| (സി) | ബഹുനില കെട്ടിടങ്ങളിലെ തീപിടുത്തം നേരിടുന്നതിനായി സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കി ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിനെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. 15 കോടി രൂപ വിലവരുന്ന ഒരു Aerial Ladder Platform, Global Tender ക്ഷണിച്ച് വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. Global Tender ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ